Draft #4 of File AcD/01/45562/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 06-Nov-2020 10:45 AM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

തുല്യത - Pondicherry University അവാർഡ് ചെയ്ത Master of Science in Marine Biology (Regular) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Science in Zoology ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനുള്ള അപേക്ഷ നിരസിക്കാൻ തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 5239/AC D/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.11.2020

---

*പരാമർശം:*-1) കോഴ്സ് അംഗീകാരത്തിനായി SMT. SWETHA K. C, SARANGI MAKRERI (PO) MUNDALOOR (VIA) KANNUR 22.10.2019ൽ നൽകിയ അപേക്ഷ

2) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 5922/എസി.ഡി./3/2243/12 തീയതി 05.10.2017.

3) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റെഗുലേഷൻസ് ഫോർ റെക്കഗ്നിഷൻ/ഇക്വലൻസി 2016.

4) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (സുവോളജി -പി.ജി.), അഭിപ്രായം രേഖപ്പെടുത്തി 23.05.2020ൽ നൽകിയ കത്ത്.

5) ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ് അഭിപ്രായം രേഖപ്പെടുത്തി 02.07.2020ൽ നൽകിയ കത്ത്.

6) 07.09.2020 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നം. 122/AcD/01/45562/CR/2019 (13.10.2020 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (20.05) ഇനം നം. 01/20.05/200241ആയി സമർപ്പിച്ചത്)

**ഉത്തരവ്**

1) Pondicherry University അവാർഡ് ചെയ്ത Master of Science in Marine Biology (Regular) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Science in Zoology ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷ പരാമർശം (2) ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിക്കുകയുണ്ടായി.

2)പ്രസ്തുത വിഷയത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (സുവോളജി-പി.ജി.), ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ് എന്നിവരുടെ വിദഗ്ധാഭിപ്രായം തേടിയിരുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച ശേഷം ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ താഴെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രോഗ്രാം Marine Biology യിൽ ആഴത്തിലുള്ള അറിവ് നൽകുന്നതിനായി രൂപപ്പെടുത്തിയിട്ടുള്ളതാണ്. ആകെ നാല് പേപ്പറുകൾക്ക് മാത്രമേ സുവോളജി കോഴ്സുമായി സമാനതയുള്ളൂ. കൂടാതെ പ്രാക്ടിക്കൽ പേപ്പറുകളും ഓപ്ഷണൽ വിഷയങ്ങളും വ്യത്യസ്തമാണ്.

അതിനാൽ പ്രസ്തുത ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Science in Zoology ബിരുദത്തിനു തുല്യമായി അംഗീകരിക്കാനാവില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ അഭിപ്രായത്തോട് യോജിക്കുകയും തുല്യതാംഗീകാരം അംഗീകരിക്കാനാവില്ലെന്ന് ശിപാർശ നൽകുകയും ചെയ്തു. (പരാമർശം 4,5).

3) അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും പരാമർശം (6) പ്രകാരം Pondicherry University അവാർഡ് ചെയ്ത Master of Science in Marine Biology (Regular) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Science in Zoology ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനുള്ള അപേക്ഷ നിരസിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

4) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ശ്രീമതി ശ്വേത കെ. സി.
2) പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3) രജിസ്ട്രാറുടെ പി.എ.
4)ജെ.ആർ. II (ഭരണവിഭാഗം)
5)എ.ആർ. /ഡി.ആർ.(അക്കാദമിക വിഭാഗം)
6)എ.സി.സി. സെക്ഷൻ
7)കൺടന്റ് മാനേജ്മെന്റ് സെക്ഷൻ
8)ഐ.ക്യൂ.എ.സി.
9)കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File AcD/01/45562/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 06-Nov-2020 10:45 AM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം